## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :866 | 29.09.2016 ൽ മറുപടിയ്ക്ക്

### 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

**ചോദ്യം**

**ശ്രീ. എ.പി. അനിൽ കുമാർ**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. പി.ടി. തോമസ്**
**ശ്രീ. റോജി എം. ജോൺ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കി വരുന്നു. സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് മൂന്ന് സെന്റ് ഭൂമി വീതം സൗജന്യമായി പതിച്ച് നൽകി ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | പദ്ധതിപ്രകാരം ഇതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്ന ഭൂരഹിത കുടുംബങ്ങളിൽ 58,398 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചിരുന്നു. അനുവദിച്ച ഭൂമി ചട്ടപ്രകാരം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്ന നടപടി പുരോഗമിച്ച് വരുന്നു. 25.08.2016 ലെ കണക്കനുസരിച്ച് 30302 ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്. |
| (സി) | ഏതൊക്കെ ജില്ലകളെയാണ് 'ഭൂരഹിതരില്ലാത്ത ജില്ല'യായി പ്രഖ്യാപിച്ചിട്ടുള്ളത്? | കണ്ണൂർ, കാസർഗോഡ്, ഇടുക്കി |

സെക്ഷൻ ഓഫീസർ